**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1601** **11-09-2023 - ൽ മറുപടിയ്ക്ക്**

**പ്രകൃതി ക്ഷോഭം നേരിട്ടവർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈസർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപ്പൊട്ടലിലും മറ്റു പ്രകൃതി ക്ഷോഭങ്ങളിലുമായി ഉണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ തുടങ്ങിയവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപ്പൊട്ടലിലും മറ്റു പ്രകൃതി ക്ഷോഭങ്ങളിലുമായി ഉണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ തുടങ്ങിയവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (ബി) | ഇതുമൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക ബാദ്ധ്യത എത്രയെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെന്നും എന്തു തുക ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | ഇതുമൂലം സംസ്ഥാനത്തിന് ഏകദേശം 8300 കോടി രൂപയുടെ സാമ്പത്തിക ബാധ്യത വന്നിട്ടുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. 2020-2021 സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ കേന്ദ്രവിഹിതമായി 251.20 കോടി രൂപയും 2022-2023 സാമ്പത്തിക വർഷം 264.00കോടി രൂപയും നടപ്പുസാമ്പത്തിക വർഷം അനുവദിക്കേണ്ട ഒന്നാംഗഡുവായ 138.80 കോടി രൂപയും ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രകൃതി ദുരന്തത്തിൽപ്പെട്ട എത്ര പേർക്ക് ധനസഹായം നൽകി; എത്ര പേർക്ക് വീട് നിർമ്മിച്ചു നൽകി; എത്ര പേർക്ക് വീട് നിർമ്മിച്ചു നൽകാനുള്ള നടപടികൾ സ്വീകരിച്ചു; എന്തൊക്കെ പുനർനിർമ്മാണ പ്രവൃത്തികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (സി) | പ്രകൃതി ദുരന്തത്തിൽപ്പെട്ട ഏകദേശം 3,06,957 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്നവർക്ക് നാശനഷ്ടത്തിന്റെ ശതമാനം കണക്കാക്കി ധനസഹായം അനുവദിച്ചു നൽകുകയാണ് ചെയ്യുന്നത്. പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ദുരന്തപ്രതികരണ നിധി പ്രകാരം വീട് നിർമ്മിച്ച് നൽകുന്നില്ല. ഭവനനാശം സംഭവിച്ചവരുടെ എണ്ണവും ധനസഹായവും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഇതിനായി നാളിതുവരെ ചെലവാക്കിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 263.07 കോടി രൂപ നാളിതുവരെ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### പ്രകൃതി ക്ഷോഭത്തിൽ ഭവനനാശം സംഭവിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പൂർണ്ണ ഭവനനാശം സംഭവിച്ചവയുടെ എണ്ണം | പൂർണ്ണ നാശത്തിന് അനുവദിച്ച തുക | ഭാഗികമായ ഭവനനാശം സംഭവിച്ചവയുടെ എണ്ണം | ഭാഗിക നാശത്തിന് അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | 2021-22 | 1962 | 30,53,71,318 | 17517 | 40,36,11,810 |
| 2 | 2022-23 | 1277 | 6,89,98,600 | 9106 | 1,86,19,96,800 |
| 3 | 2023-24 | 212 | 10,46,100 | 1033 | 1,52,07,500 |
| | **Total** | **3451** | **37,54,16,018** | **27656** | **2,28,68,16,110** |

### കൃഷിനാശം സംഭവിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | സാമ്പത്തിക വർഷം | കൃഷി നാശത്തിന് അനുവദിച്ച തുക |
|---|---|---|
| 1 | 2021-22 | 26,52,49,308 |
| 2 | 2022-23 | 14,72,86,750 |
| 3 | 2023-24 | 3,19,22,189 |
| | **Total** | **44,44,58,247** |

### പ്രകൃതി ക്ഷോഭത്തിൽ നടന്ന മരണങ്ങളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | സാമ്പത്തിക വർഷം | എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | 2021-22 | 136 | 4,90,00,000 |
| 2 | 2022-23 | 103 | 3,51,00,000 |
| 3 | 2023-24 | 35 | 32,00,000 |
| | **Total** | **274** | **8,73,00,000** |

### മറ്റിനങ്ങൾ

| ക്രമ നമ്പർ | സാമ്പത്തിക വർഷം | എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | 2021-22 | | 34,17,77,97,704 |
| 2 | 2022-23 | | 41,33,57,627 |
| 3 | 2023-24 | | 18,52,50,216 |
| | **Total** | | **4,01,64,05,547** |